# Deepika

## 20 August 2018

## Kothamangalam: Land slide, Bridge wrecked

# നേര്യമംഗലത്ത് പാലങ്ങൾ തകർന്നു

**കോതമംഗലം:** നേര്യമംഗലത്തിനു സമീപം കാഞ്ഞിരവേലിയിൽ വെള്ളത്തിൽ മുങ്ങിയ രണ്ട് പാലങ്ങൾ തകർന്നു. കാഞ്ഞിരവേലി ഗ്രാമത്തിലെ 350 ഓളം കുടുംബങ്ങൾ ഒറ്റപ്പെട്ടു. പെരിയാറിന്റെ കൈവഴിയായ ദേവിയാർപുഴക്ക് കുറുകെ നിർമിച്ച കോൺക്രീറ്റ് പാലവും മണിയൻ പാറയിലെ തൂക്കുപാലവുമാണ് കഴിഞ്ഞ ദിവസം ഭാഗികമായി തകർന്നു വീണത്. നേര്യമംഗലത്തിനു സമീപം മണിയൻപാറയിൽ പെരിയാറിനു കുറുകെ നിർമിച്ച വലിയ തൂക്കുപാലവും തകർന്നു.

ഏതാനും വർഷം മുമ്പ് പാലത്തിൽ തടികളിടിച്ച് രണ്ട് മീറ്ററോളം നീളത്തിൽ പ്ലാറ്റ് ഫോം തകർന്നിരുന്നു. ചെറുതോണി അണക്കെട്ട് തുറന്നപ്പോഴുണ്ടായ വൻകുത്തൊഴുക്കാണ് പാലം തകർന്ന് വീഴാൻ കാരണം. പാലങ്ങളുടെ തകർച്ചയിൽ കാഞ്ഞിരവേലിയിലെ യാത്രാമാർഗം തടസപ്പെട്ടു. പുറലോകവുമായി ബന്ധപ്പെടാനാകാതെ നൂറുകണക്കിന് ജനങ്ങൾ ദുരിതത്തിലായിരിക്കുകയാണ്. കോൺക്രീറ്റ് പാലം തകർന്ന ഭാഗത്ത് കമുക് ചേർത്തുവച്ച താൽക്കാലിക നടപ്പാലം നാട്ടുകാർ ഒരുക്കിയിട്ടുണ്ടെങ്കിലും അപകട സാധ്യതയുണ്ട്.



കാഞ്ഞിരവേലിയിൽ ദേവിയർപുഴക്ക് കുറുകെ ഭാഗികമായി തകർന്ന കോൺക്രീറ്റ് പാലം.